"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലെ സാങ്കേതിക തകരാറുകൾ പോലുള്ള പാകപ്പിഴകൾ മൂലം മടങ്ങിയ തുക, പാകപ്പിഴ പരിഹരിച്ച് ഗുണഭോക്താവിന്റെ പരിഹരിക്കപ്പെട്ട അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി ആകെ തുക (25,76,263,/-രൂപ) കോർപ്പറേഷന്റെ PSTSB അക്കൌണ്ടിലേക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.3315/2023/GAD തീയതി,തിരുവനന്തപുരം, 19-07-2023

---

പരാമർശം:- 1. മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 09/01/2023 ലെ 319/A2/2022/KSWCFC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾക്കും കോർപ്പറേഷന്റെ മറ്റ് ദൈനംദിന ചെലവുകൾക്കും DBT (ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ) സമ്പ്രദായത്തിലൂടെ സംസ്ഥാന ധനകാര്യ വകുപ്പിന്റെ Wams 2.0 പോർട്ടൽ മുഖേന ധനസഹായം വിതരണം ചെയ്തു വരുന്നു. എന്നാൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലെ സാങ്കേതിക തകരാറുകൾ പോലുള്ള പാകപ്പിഴകൾ മൂലം മടങ്ങുന്ന തുക, അക്കൌണ്ടിലെ പാകപ്പിഴകൾ പരിഹരിച്ച് രേഖകൾ സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് Wams 2.0 പോർട്ടലിലെ Clear rejection ലിങ്ക് മുഖാന്തിരം ട്രാൻസ്ഫർ ചെയ്തു വന്നിരുന്നു. എന്നാൽ ഇക്കഴിഞ്ഞ ഏപ്രിൽ ആദ്യ വാരം മുതൽ Wams 2.0പോർട്ടലിൽ ഇപ്രകാരം തുക മടങ്ങുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് കാണുന്നതിനോ അപാകതകൾ പരിഹരിച്ച് തുക കൈമാറുന്നതിനോ സാധിക്കുന്നില്ലായെന്നും കൂടാതെ അശരണരായ വിഭാഗക്കാർ ഏറെ പ്രതീക്ഷയോടെ കാണുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിലേക്കായി കോർപ്പറേഷന്റെ അക്കൗണ്ടിൽ സർക്കാർ ലഭ്യമാക്കിയ തുക, EPOC Clearance Bill ഉൾപ്പെടെ, കോർപ്പറേഷന്റെ PSTSBഅക്കൌണ്ടിൽ അവശേഷിച്ചിരുന്ന തുകയായ 11,76,57,712/- രൂപ, 31/03/2022 ന് സർക്കാർ തിരിച്ചെടുത്തതായും. എം.ഡി അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലെ സാങ്കേതിക തകരാറുകൾ പോലുള്ള പാകപ്പിഴകൾ മൂലം മടങ്ങുന്ന തുക, അക്കൌണ്ടിലെ പാകപ്പിഴകൾ പരിഹരിച്ച് രേഖകൾ സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന്, ട്രഷറി ലഭ്യമാക്കിയിട്ടുള്ള 297 പേരുടെ ലിസ്റ്റ് പ്രകാരമുള്ള ആകെ തുക (25,76,263,/-രൂപ) കോർപ്പറേഷന്റെ PSTSB അക്കൌണ്ടിലേക്ക് അടിയന്തിരമായി ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.ഡി കത്ത് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കോർപ്പറേഷന്റെ PSTB അക്കൗണ്ടിൽ നിന്നും 31/03/2022 ന് സർക്കാർ തിരികെയെടുത്ത തുകയിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം

2235-02-190-97-34-OC(P) എന്ന ശീർഷകത്തിൽ നിന്നും ഗുണഭോക്താവിന്റെ പരിഹരിക്കപ്പെട്ട അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി 25,76,263/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപത്താറായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| * | 16/04/2018-ലെ സ ഉ (പി) 62/2018/ധന യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ. |
| * | സർക്കുലർ നം. 84/2008/ധന തീയതി 09/12/2008, സർക്കുലർ നം. 08/2018/ധന തീയതി 30/01/2018 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. |
| * | അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ ഉ (കൈ) നം 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. |
| * | വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്. |

പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പ് അണ്ടർ സെക്രട്ടറി 2235-02-190-97-34-OC-P എന്ന ശീർഷകത്തിൽ നിന്നും 25,76,263/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപത്താറായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) പിൻവലിച്ച് മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (PSTSB acct no. 799012700000550) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരളസംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ എൽ.2, കുലീന, ജവഹർ നഗർ, കവടിയാർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ &ഇ,ആഡിറ്റ്), കേരള, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ് പട്ടം, തിരുവനന്തപുരം - 695004

ആസൂത്രണസാമ്പത്തിക കാര്യ (BPE) വകുപ്പ്

പൊതുഭരണ(അക്കൗണ്ട്സ്-ജെ) വകുപ്പ് ( 3 പകർപ്പുകൾ)

ധനകാര്യ(പി.യു.സി) വകുപ്പ് (PU-C3/57/2022-FIN (2075810) തീയതി 25/06/2023)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
Date: 20-07-2023 10:31:11

സെക്ഷൻ ഓഫീസർ